# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4188** — 16/3/2017-ലെ മറുപടിയ്ക്ക്

## ശരണ്യ സ്വയംതൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. എം. വിൻസെന്റ് | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ശരണ്യ സ്വയംതൊഴിൽ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കാമോ? | എ) ഉണ്ട്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിന് 2010-11 സാമ്പത്തിക വർഷം "ശരണ്യ" എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതി 24/07/2010 -ലെ ജി.ഒ(പി) നമ്പർ 81/2010/തൊഴിൽ ഉത്തരവ് പ്രകാരം ആരംഭിച്ച് നടപ്പാക്കി വരുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, വിവാഹബന്ധം വേർപെടുത്തുകയോ, ഭർത്താവ് ശയ്യാവലംബരോ, നിത്യരോഗിയാവുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും, സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്ന വനിതകൾക്കും, അംഗപരിമിതരായ വനിതകൾക്കും, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കും, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർക്കും സ്വയംതൊഴിലിലൂടെ ഒരു ജീവിതമാർഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശം. ഇതിലൂടെ സ്ത്രീശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധി വരെ കുറക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. |

സി) ആരെയെല്ലാമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വിവരിക്കുമോ;

സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18 നും 55 നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 28/01/2016 -ലെ സ.ഉ(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം അംഗപരിമിതരായ വനിതകളെയും, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മനസികരോഗം, ഹീമോഫീലിയ) ഭർത്താക്കന്മാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഡി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. പ്രോജക്ട് നോക്കി ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ ഒരുലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. 50,000/- രൂപയ്ക്കുമേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് 3% പലിശ (ഫ്ലാറ്റ് നിരക്കിൽ) 50,000/- രൂപയ്ക്കു മേലുള്ള സംഖ്യയ്ക്ക് അടക്കേണ്ടതാണ്.

നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50% എങ്കിലും തിരിച്ചടച്ചവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല സമിതിയുടെ ശുപാർശ പ്രകാരം ആദ്യ വായ്പ്പാ തുകയുടെ 80 ശതമാനത്തിൽ കുറയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ